**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.സന്ധ്യ, കെ.വി., ഹെഡ് ക്ലാർക്ക്, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1370/2018 നമ്പർ കേസിന്റെ 10.07.2018-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2646/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 16.10.2018.**

---

പരാമർശം: 1) ശ്രീമതി. സന്ധ്യ കെ.വി. സമർപ്പിച്ച 28.06.2018-ലെ നിവേദനം (എ6)

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1370/2018-ന്മേലുള്ള 10.07.2018-ലെ അന്തിമ ഉത്തരവ്.

3) ഗ്രാമവികസന കമ്മീഷണറുടെ 10.10.2018-ലെ 14311/എസ്റ്റാ.സി3/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഹ്ഹ് 29/10/18

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യ.കെ.വി.-ക്ക് മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം നൽകാത്തതിനെതിരെ ടിയാരി പരാമർശം (2) പ്രകാരം ഫയൽ ചെയ്ത ഒ.എ-1370/2018-നമ്പർ കേസിലെ 10.07.2018-ലെ അന്തിമ വിധിയിൽ ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

"The original application is disposed of with a direction to the first respondent to take a decision on Annexure A6 representation within a period of one month after giving the applicant an opportunity of hearing".

2. നിവേദനത്തിൽ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തന്നെക്കാളും ജൂനിയറായ ശ്രീമതി സുമയ്ക്ക് ടിയാളുടെ മാതൃജില്ലയിലും വീടിനടുത്തുമുള്ള നെന്മാറ ബ്ലോക്കിലേയ്ക്ക് സ്ഥലംമാറ്റം നൽകിയെന്നും പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയെങ്കിലും തന്നെ പരിഗണിക്കാതെയാണ് ജൂനിയറായ സുമയ്ക്ക് സ്ഥലംമാറ്റം നൽകിയെന്നും വ്യക്തിപരമായ ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാൽ മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നും ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സന്ധ്യയെ 04.10.2018-ന് നേരിൽ കേട്ടു. നേരിൽ കേട്ട അവസരത്തിൽ നിവേദനത്തിലെ ആവശ്യത്തിൽ ഉറച്ചുനിന്നു.

3. ഗ്രാമവികസന വകുപ്പിലെ ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റുമാരുടെ 2018-ലെ പൊതുസ്ഥലംമാറ്റത്തിന് പ്രസിദ്ധീകരിച്ച ക്യൂ ലിസ്ററ് പ്രകാരം ശ്രീമതി സുമ കെ.ആർ. 11.12.2017 മുതൽ നിലവിലെ ഓഫീസിൽ (ഒറ്റപ്പാലം ബ്ലോക്ക്) ജോലിചെയ്തുവരികയാണ്. ശ്രീ.സജി തോമസ്, 11.11.2013 മുതൽ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്തുവരുന്നു. ശ്രീമതി സന്ധ്യ കെ.വി., 31.10.2017 മുതൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തുവരുന്നു. സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കുമ്പോൾ ഒരു വർഷം തികഞ്ഞിട്ടില്ലാത്തതിനാൽ ശ്രീമതി സുമ കെ.ആർ., ശ്രീമതി സന്ധ്യ കെ.വി. എന്നിവരെ സ്ഥലംമാറ്റത്തിന്റെ പ്രാഥമിക ഘട്ടത്തിൽ പരിഗണിച്ചില്ലായെന്നും ശ്രീ.സജി തോമസ്

രോഗബാധിതനായതിനാലും ടിയാന് ദൂരയാത്ര ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ സ്ഥലംമാറ്റം അനിവാര്യമെന്ന് അപേക്ഷയോടൊപ്പം ബോധിപ്പിച്ചിരുന്നതിനാലും സ്റ്റേഷൻ സിനിയോറിറ്റി 2013 മുതൽ ഉള്ളതിനാലും ടിയാൻ സമർപ്പിച്ച രണ്ടാം ഓപ്ഷൻ ആയ ഒറ്റപ്പാലം ബ്ലോക്കിൽ സ്ഥലംമാറ്റി നിയമിക്കേണ്ടതിനാലാണ് സുമയെ നെന്മാറ ബ്ലോക്കിലേക്ക് സ്ഥലംമാറ്റി നിയമിച്ചതെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. ആയതിനാൽ ശ്രീമതി സുമ കെ.ആർ. ശ്രീമതി സന്ധ്യ കെ.വി. എന്നീ ജീവനക്കാരോട് ഗ്രാമവികസന കമ്മീഷണർ യാതൊരുവിധ പക്ഷപാതിത്വം കാണിച്ചിട്ടില്ലായെന്നും സജി തോമസിന് സ്ഥലംമാറ്റം അനുവദിക്കേണ്ടത് അനിവാര്യമായി തീർന്നതിനാലാണ് സുമയ്ക്ക് സ്ഥലംമാറ്റം നല്കിയതെന്നും ആയതിനാൽ സന്ധ്യ കെ.വി.യുടെ പരാതി നിലനിൽക്കുന്നതല്ലായെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു.

4. ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ പാലക്കാട് ജില്ലയിൽ ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റുമാരുടെ ഒഴിവ് ഇല്ലാത്തതിനാലും സന്ധ്യ കെ.വി.യുടെ നിവേദനത്തിലെ ആവശ്യം പരിഗണിക്കാൻ ഇപ്പോൾ നിർവാഹമില്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. എന്നാൽ ടിയാളുടെ മാതൃ ജില്ലയിൽ ഒഴിവ് വരുമ്പോൾ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി ടിയാളുടെ ആവശ്യം ഗ്രാമവികസന കമ്മീഷണർക്ക് പരിഗണിക്കാവുന്നതാണ്. ഇപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.1370/2018 നമ്പർ കേസിന്റെ 10.07.2018-ലെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ശ്രീമതി സന്ധ്യ കെ.വി., ഹെഡ് ക്ലാർക്ക്, കുറ്റിപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, തൊഴുവന്നൂർ, മലപ്പുറം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ